ഉത്തരം

(എ) 11-11-2003-ലെ സർക്കാർ ഉത്തരവ് പ്രകാരം ആലപ്പുഴയിൽ സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ടെണ്ടർ ചെയ്യുന്നതിലേക്കുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2004-05-ലെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട് (Item No. 83 Page 28).

കണ്ണൂർ ജില്ലയിലെ ജില്ലാതല റോഡുകൾ

59 [611] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പ്രധാന ജില്ലാതല റോഡുകൾ ഏതെല്ലാമാണെന്നും ഇവയുടെ ദൈർഘ്യം എത്ര വീതമാണെന്നും ഇവ ഓരോന്നും ഏതെല്ലാം നിയമസഭാ മണ്ഡലങ്ങളിൽപ്പെട്ടതാണെന്നും വെളിപ്പെടുത്തുമോ;

(ബി) മറ്റ് ജില്ലാതല റോഡുകളും (ഒ.ഡി.ആർ.) പ്രധാനപ്പെട്ട ഗ്രാമീണ റോഡുകളും പ്രധാന ജില്ലാതല റോഡായി (എം.ഡി.ആർ.) മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ പ്രധാന ജില്ലാതല റോഡുകളെപ്പറ്റിയുള്ള വിശദ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ലിസ്റ്റ് അനുബന്ധമായി വച്ചിരിക്കുന്നു. †

(ബി) ഉണ്ട്. ഇതിന്റെ വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു.

പുതൂർ-മുള്ളി റോഡ് പണി പൂർത്തിയാക്കുവാനുള്ള കാലദൈർഘ്യം

60 [612] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതൂർ-മുള്ളി റോഡ് എത്ര കിലോമീറ്റർ പണി തീരാനുണ്ടെന്നും ഇത് എന്ന് പൂർത്തീകരിക്കുവാനാകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

പുതൂർ-മുള്ളി റോഡ് താവളം-മുള്ളി റോഡിന്റെ ഭാഗമാണ്. ഇതിന്റെ ആകെ നീളം 28 കി. മീ. ആണ്. അതിൽ ആദ്യത്തെ 4.5 കി. മീ. പണി പൂർത്തിയായിട്ടുണ്ട്. അടുത്ത 8 കി. മീ. ഭാഗത്തെ പണിക്കുള്ള എസ്റ്റിമേറ്റിന് അനുമതി നൽകിക്കഴിഞ്ഞു. ദർഘാസ് ക്ഷണിച്ചിരിക്കുകയാണ്. കരാർ ഉറപ്പിക്കുന്ന മുറക്ക് പണി ആരംഭിക്കുന്നതാണ്. ഉദ്ദേശം 18 മാസം കൊണ്ട് പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly